"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് നം.10 റീസർവ്വെ 49/5-ൽപ്പെട്ട 1.80 ആർ ഭൂമിയ്ക്ക് ശ്രീ.തങ്കച്ചന് അനുവദിച്ച പട്ടയം റദ്ദ് ചെയ്ത് ടി ഭൂമി നിലവിലെ കൈവശക്കാരനായ ശ്രീ.ഡൊമനിക്.പി.ജെ പേരിൽ അർഹത പരിശോധിച്ച് പതിച്ച് നൽകാൻ എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.98/2026/RD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 16/10/2023 ന് ശ്രീ.ഡൊമനിക് പി.ജെ സമർപ്പിച്ച അപേക്ഷ.
2. എറണാകുളം ജില്ലാ കളക്ടറുടെ 30/10/2024, 14/08/2025 തീയതികളിലെ DCEKM/8109/2023-L1 നമ്പർ കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 14/10/2025 ലെ LR/10932/2024-LR(J7) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് നം. 10 റീസർവ്വെ 49/5-ൽപ്പെട്ട 01.80 ആർ പുറമ്പോക്ക് ഭൂമിയ്ക്ക് ശ്രീ. ടി. പി തങ്കച്ചൻ എന്നയാൾക്ക് 25 വർഷത്തേയ്ക്ക് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥയോടെ 14/12/2009-ൽ LA 38/09/S4 നമ്പർ പട്ടയം ലഭിച്ചിട്ടുള്ളതാണ്. ശ്രീ.തങ്കച്ചൻ 2014-ൽ ടി ഭൂമി കരാർ പ്രകാരം അപേക്ഷകനായ ശ്രീ.ഡൊമനിക്.പി.ജെ ക്ക് കൈമാറുകയുണ്ടായി. ടിയാൻ ടി ഭൂമി കൈവശം വച്ചു വരുന്നു. ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ശ്രീ.ടി.പി.തങ്കച്ചൻ പേരിൽ അനുവദിച്ചിട്ടുള്ള പട്ടയം തന്റെ പേരിൽ മാറ്റി കിട്ടുന്നതിനും, അകാല കൈമാറ്റം അനുവദിക്കുന്നതിനായി ശ്രീ. ഡൊമനിക് പി. ജെ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ശ്രീ.തങ്കച്ചൻ.ടി.പി പേർക്ക് റീസർവ്വെ നമ്പർ 49/5 -ൽപ്പെട്ട 01.80 ആർ വിസ്തീർണ്ണത്തിന് 2494-P നമ്പറിൽ താത്കാലിക തണ്ടപ്പേർ ഉള്ളതും, നികുതി ഒടുക്കി വരുന്നതുമാണ്. പട്ടയത്തിലെ മൂന്നാമത്തെ വ്യവസ്ഥ പ്രകാരം 25 വർഷത്തേയ്ക്ക് പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല. ശ്രീ.ടി.പി തങ്കച്ചന് ലഭിച്ച പട്ടയം 2014-ൽ

ശ്രീ.ഡൊമനിക്കിന് കൈമാറ്റം ചെയ്തത് ടിയാന്റെ രണ്ട് സഹോദരിമാരിൽ ഒരാളുടെ വിവാഹം നടത്തുന്നതിനും, മകന്റെ വിദ്യാഭ്യാസ ആവശ്യത്തിനുമാണെന്നും, ശ്രീ.തങ്കച്ചൻ മത്സ്യത്തൊഴിലാളിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ അംഗവുമാണെന്നും, കുടുംബത്തിൽ മറ്റാർക്കും ജോലിയില്ലായെന്നും ശ്രീ.തങ്കച്ചൻ പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളല്ലെന്നും, കരാർ പ്രകാരം ശ്രീ.തങ്കച്ചനിൽ നിന്നും ലഭിച്ച ഭൂമിയിലാണ് അപേക്ഷകനായ ശ്രീ.ഡൊമനിക്കും കുടുംബവും താമസിച്ചു വരുന്നതെന്നും, പട്ടയം ലഭിച്ച ശ്രീ.തങ്കച്ചനും, അത് കരാർ പ്രകാരം വാങ്ങിയ ശ്രീ.ഡൊമിനിക്കും സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ അല്ലായെന്നും, ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിലാണ് ശ്രീ.തങ്കച്ചൻ അകാലകൈമാറ്റം നടത്തിയിട്ടുള്ളതെന്നും, അകാല കൈമാറ്റം സാധൂകരിച്ചു നൽകാവുന്നതാണെന്നും ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഡൊമിനിക്.പി.ജെ-യുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് നം.10 റീസർവ്വെ 49/5-ൽപ്പെട്ട 1.80 ആർ പുറമ്പോക്ക് ഭൂമിയ്ക്ക് ശ്രീ.തങ്കച്ചന് അനുവദിച്ച പട്ടയം റദ്ദ് ചെയ്ത് ടി ഭൂമിയിലെ നിലവിലെ കൈവശക്കാരനായ ശ്രീ.ഡൊമനിക്.പി.ജെ പേരിൽ അർഹത പരിശോധിച്ച് പതിച്ച് നൽകാൻ എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനു എസ് നായർ ഐ എ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. ശ്രീ. ഡൊമനിക്. പി.ജെ, പള്ളിപറമ്പിൽ വീട്, വടുതല, എറണാകുളം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ (എ3/223/2023/റവ)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 28-02-2026 14:49:55

സെക്ഷൻ ഓഫീസർ